LIBRARY ARCHIVES Kerala Legislative Assembly

ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ നടപടി

139 [144] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സിവിൽ സർജൻ-അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഗൈനക്കോളജി ബിരുദാനന്തര ബിരുദം നേടിയ ഡോക്ടറുടെ സേവനം ഇപ്പോൾ ലഭിക്കുന്നുണ്ടോ;

(ബി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2004 വർഷത്തിൽനടന്ന പ്രസവങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇവിടെ ഗൈനക്കോളജിസ്റ്റിനെ പോസ്റ്റ് ചെയ്യുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിർദ്ദേശം കൊടുത്തത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) 248 പ്രസവങ്ങൾ നടന്നിട്ടുണ്ട്.

(സി) 9-10-2004-ൽ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വള്ളിക്കാവ് പി.എച്ച്. സെന്ററിൽ ഐ.പി. വിഭാഗം ആരംഭിക്കാൻ നടപടി

140[145] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ വള്ളിക്കാവ് പി.എച്ച്. സെന്ററിൽ ഐ.പി. വിഭാഗം ആരംഭിക്കണം എന്ന് ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട നിവേദനങ്ങളിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടുള്ള ഈ പി.എച്ച്. സെന്ററിൽ ഐ.പി. വിഭാഗം ആരംഭിക്കുന്നതിന് തടസ്സമായ ഘടകങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) ഈ തടസ്സങ്ങൾ നീക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) കൊല്ലം ജില്ലയിലെ വള്ളിക്കാവ് പി.എച്ച്.സി. ഒരു മിനി പി.എച്ച്.സി. ആണ്. മിനി പി.എച്ച്.സി.-കളിൽ ഒരു ഡോക്ടറുടെ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. ഈ മിനി പി.എച്ച്.സി.-യിൽ ഐ. പി. വിഭാഗം ആരംഭിക്കണം എന്ന ആവശ്യം പരിശോധിക്കുന്നതാണ്.